*ഖുത്ബ*
*05.09.2008*
*ബൈത്തുല്‍ ഫുതുഹ്, ലണ്ടന്‍*

بِسْمِ ٱللَّهِ ٱلرَّحْمَٰنِ ٱلرَّحِيمِ

# റമദാന്‍

يَٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ كُتِبَ
عَلَيْكُمُ ٱلصِّيَامُ كَمَا كُتِبَ عَلَى ٱلَّذِينَ مِن قَبْلِكُمْ
لَعَلَّكُمْ تَتَّقُونَ ○ أَيَّامًا مَّعْدُودَٰتٍ فَمَن كَانَ مِنكُم
مَّرِيضًا أَوْ عَلَىٰ سَفَرٍ فَعِدَّةٌ مِّنْ أَيَّامٍ أُخَرَ وَعَلَى ٱلَّذِينَ
يُطِيقُونَهُۥ فِدْيَةٌ طَعَامُ مِسْكِينٍ فَمَن تَطَوَّعَ خَيْرًا فَهُوَ خَيْرٌ
لَّهُۥ وَأَن تَصُومُوا۟ خَيْرٌ لَّكُمْ إِن كُنتُمْ تَعْلَمُونَ ○ شَهْرُ
رَمَضَانَ ٱلَّذِىٓ أُنزِلَ فِيهِ ٱلْقُرْءَانُ هُدًى لِّلنَّاسِ
وَبَيِّنَٰتٍ مِّنَ ٱلْهُدَىٰ وَٱلْفُرْقَانِ فَمَن شَهِدَ مِنكُمُ ٱلشَّهْرَ
فَلْيَصُمْهُ وَمَن كَانَ مَرِيضًا أَوْ عَلَىٰ سَفَرٍ فَعِدَّةٌ مِّنْ
أَيَّامٍ أُخَرَ يُرِيدُ ٱللَّهُ بِكُمُ ٱلْيُسْرَ وَلَا يُرِيدُ بِكُمُ
ٱلْعُسْرَ وَلِتُكْمِلُوا۟ ٱلْعِدَّةَ وَلِتُكَبِّرُوا۟ ٱللَّهَ عَلَىٰ مَا
هَدَىٰكُمْ وَلَعَلَّكُمْ تَشْكُرُونَ ○ وَإِذَا سَأَلَكَ
عِبَادِى عَنِّى فَإِنِّى قَرِيبٌ أُجِيبُ دَعْوَةَ ٱلدَّاعِ إِذَا دَعَانِ
فَلْيَسْتَجِيبُوا۟ لِى وَلْيُؤْمِنُوا۟ بِى لَعَلَّهُمْ يَرْشُدُونَ ○

(2: 184-187)

ഞാന്‍ ഓതിയ ആയത്തുകളുടെ തര്‍ജുമ ഇപ്രകാരമാണ്.

വിശ്വാസികളെ! നിങ്ങള്‍ക്കു മുമ്പുള്ളവര്‍ക്ക് നിര്‍ബന്ധമാക്കപ്പെട്ടിരിക്കുന്നതുപോലെ നിങ്ങള്‍ക്കും വ്രതാനുഷ്ഠാനം നിര്‍ബന്ധമാക്കപ്പെട്ടിരിക്കുന്നു. നിങ്ങള്‍ ദോഷബാധയെ സൂക്ഷിക്കുവാന്‍വേണ്ടി. (ഈ വ്രതാനുഷ്ഠാനം) നിശ്ചിത ദിവസങ്ങളിലാണ്. എന്നാല്‍ നിങ്ങളിലാരെങ്കിലും രോഗിയോ യാത്രയിലോ ആയാല്‍ മറ്റു ദിവസങ്ങളില്‍ (അവര്‍) എണ്ണം പൂര്‍ത്തികരിച്ചുകൊള്ളട്ടെ. പ്രായശ്ചിത്തം നല്‍കുന്നതിന് കഴിവുള്ളവര്‍ ഒരു അഗതിയുടെ ആഹാരം (പ്രായശ്ചിത്തമായി) നല്‍കേണ്ടതാണ്. ഇനി ആരെങ്കിലും പൂര്‍ണമായ അനുസരണം പുലര്‍ത്തിക്കൊണ്ട് വല്ല നന്മയും ചെയ്യുന്നുവെങ്കില്‍ അതയാള്‍ക്ക് ഗുണകരമായിരിക്കും. നിങ്ങള്‍ (കാര്യം) ഗ്രഹിക്കുന്നവരാണെങ്കില്‍ നോമ്പനുഷ്ഠിക്കുന്നത് നിങ്ങള്‍ക്ക് ഗുണകരമത്രെ.

സമസ്ത മനുഷ്യര്‍ക്കും സന്മാര്‍ഗദായകവും മാര്‍ഗദര്‍ശനത്തിന്‍റെയും സത്യാസത്യവിവേചനത്തിന്‍റെയും സ്പഷ്ടമായ തെളിവുകള്‍ ഉള്‍കൊള്ളുന്നതുമായ ഖുര്‍ആന്‍ അവതരിപ്പിക്കപ്പെട്ട മാസമാണ് റമദാന്‍. അതുകൊണ്ട് നിങ്ങളിലാരെങ്കിലും ഈ മാസത്തിന് സാക്ഷ്യം വഹിച്ചാല്‍ അയാള്‍ അതില്‍ വ്രതമനുഷ്ഠിക്കട്ടെ. എന്നാല്‍ നിങ്ങളാരെങ്കിലും രോഗിയാവുകയോ യാത്രയിലാവുകയോ ചെയ്യുന്ന പക്ഷം ആ എണ്ണം മറ്റു ദിനങ്ങളില്‍ പൂര്‍ത്തിയാക്കേണ്ടതാണ്. അല്ലാഹു നിങ്ങള്‍ക്ക് എളുപ്പത്തെയാണ് ഉദ്ദേശിക്കുന്നത്, അവന്‍ നിങ്ങള്‍ക്ക് പ്രയാസത്തെ ഉദ്ദേശിക്കുന്നില്ല. (ഇതാകട്ടെ) നിങ്ങള്‍ എണ്ണം പൂര്‍ത്തീകരിക്കുന്നതിനും അല്ലാഹു നിങ്ങളെ സന്മാര്‍ഗത്തിലാക്കിയതിന് നിങ്ങള്‍ അവനെ മഹത്വപ്പെടുത്തുന്നതിനും, നിങ്ങള്‍ കൃതജ്ഞത കാണിക്കുന്നതിനും വേണ്ടിയാകുന്നു.

എന്നെ സംബന്ധിച്ച് എന്‍റെ ദാസന്മാര്‍ നിന്നോട് ചോദിക്കുന്ന പക്ഷം, നിശ്ചയമായും ഞാന്‍ സമീപസ്ഥനാണ്. പ്രാര്‍ത്ഥിക്കുന്നവന്‍റെ പ്രാര്‍ത്ഥനയ്ക്ക് ഞാന്‍ ഉത്തരം നല്‍കും; അവന്‍ എന്നെ വിളിച്ച് പ്രാര്‍ത്ഥിക്കുമ്പോള്‍. അതുകൊണ്ട്, അവര്‍ എന്‍റെ വിളിക്ക് ഉത്തരം നല്‍കുകയും എന്നില്‍ വിശ്വസിക്കു

കയും ചെയ്യട്ടെ. അവർ സന്മാർഗം പ്രാപിക്കുന്നതിനുവേണ്ടി. (2: 184-187)

അല്ലാഹുവിന്റെ അനുഗ്രഹത്താൽ നാം ഇപ്പോൾ റമദാനിലൂടെയാണ് കടന്നുപോയ്ക്കൊണ്ടിരിക്കുന്നത്. ഈ മാസം വ്രതാനുഷ്ഠാനത്തിന്റെ മാസമാണ്. വ്രതാനുഷ്ഠാനത്തിന്റെ പിന്നിൽ വലിയൊരു ലക്ഷ്യമുണ്ടെന്ന് ഞാൻ ഓതികേൾപിച്ച ആയത്തുകളിൽ നിന്ന് വ്യക്തമാണ്. അല്ലാഹു തന്റെ ദാസരുടെ തഖ്‌വയിൽ ഉന്നമനം നൽകുന്നതിനും അവരുടെ ആത്മീയതയിൽ വർദ്ധനവുണ്ടാകുന്നതിനും തന്റെ സാമീപ്യം നൽകി അവരെ അനുഗ്രഹിക്കുന്നതിനും ദുആ സ്വീകാര്യതയുടെ മാർഗ്ഗങ്ങൾ പറഞ്ഞുകൊടുക്കുന്നതിനും അതിന്റെ യാഥാർത്ഥ്യമെന്തെന്ന് കാണിച്ചുകൊടുക്കുന്നതിനും വേണ്ടി തർബിയ്യത്തിനുള്ള ഒരു പരിശീലനമായിട്ടാണ് ഈ വ്രതാനുഷ്ഠാനത്തെ നിർബന്ധമാക്കിയിരിക്കുന്നത്. ഞാൻ ആദ്യമായി പാരായണം ചെയ്ത ആയത്തിൽ അല്ലാഹു പറയുന്നു. "നിങ്ങൾ തഖ്‌വ (ഭയഭക്തി) സ്വായത്തമാക്കുന്നതിന്നാണ് നോമ്പ് നിർബന്ധമാക്കിയിരിക്കുന്നത്." അതായത് സർവ്വവിധ തിന്മകളിൽ നിന്നും രക്ഷപ്രാപിക്കുന്നതിന് നിങ്ങൾ അല്ലാഹുവിന്റെ സംരക്ഷണത്തിൽ വരിക. ഒരു ഹദീസിൽ ഇപ്രകാരം വരുന്നു. തിരുനബി(സ) അരുളി. "നോമ്പ് പരിചയാകുന്നു". അതുകൊണ്ട് അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കുന്നതിന് നോമ്പിനെ നിങ്ങൾ പരിചയായി ഉപയോഗിക്കുകയാണെങ്കിൽ അല്ലാഹു സ്വയം നിങ്ങളുടെ പരിചയായിത്തീരുന്നതാണ്. അവൻ നിങ്ങളെ വലിയ വലിയ പാപങ്ങളിൽ നിന്ന് മാത്രമല്ല രക്ഷിക്കുക മറിച്ച് ചെറിയ ചെറിയ തിന്മകളിൽ നിന്നും പ്രയാസങ്ങളിൽ നിന്നും നിങ്ങളെ രക്ഷിക്കുന്നതാണ്. എല്ലാ ഉപദ്രവങ്ങളിൽ നിന്നും നിങ്ങൾ സുരക്ഷിതരായിരിക്കുകയും ചെയ്യും. നന്മ ചെയ്യാനുള്ള തൗഫീഖും നിങ്ങൾക്ക് ലഭിക്കുന്നതാണ്. എന്നാൽ നോമ്പുമായി ബന്ധപ്പെട്ട എല്ലാ നിബന്ധനകളും നിങ്ങൾ പാലിച്ചാൽ മാത്രമെ ഇത് സാധ്യമാകുകയുള്ളു.

ഇതുസംബന്ധമായി നമുക്ക് നൽകിയിരിക്കുന്ന നിർദ്ദേശങ്ങൾ ഇവയാണ്. നിങ്ങൾ വ്രതമനുഷ്ഠിക്കുമ്പോൾ നിങ്ങളുടെ കാതുകളും കണ്ണുകളും നാവും കയ്യും മറ്റെല്ലാ അവയവങ്ങളും കൂടി വ്രതമനുഷ്ഠിക്കേണ്ടതാണ്. നമുക്ക് ലഭിച്ചിരിക്കുന്ന പരിചപ്രയോജനപ്പെടണമെങ്കിൽ അത് ഉപയോഗിക്കുന്നത് എങ്ങനെയാണെന്ന് നമുക്ക് അറിയുകയും വേണം. വ്രതമനുഷ്ഠിച്ചു എന്നതുകൊണ്ട് മാത്രം തഖ്‌വയുടെ പദവികൾ നമുക്ക് കരഗതമാകില്ല. അതിനായി നമ്മെ സജ്ജമാക്കിത്തീർക്കുകയും വേണം. അല്ലാഹു നിശ്ചയിച്ചിരിക്കുന്ന നിബന്ധനകൾ പാലിക്കാൻ നാം നിർബന്ധിതരാണ്. തുടർന്നുള്ള ആയത്തിൽ അല്ലാഹു പറയുന്നു. രോഗിയോ യാത്രയിലോ ആണെങ്കിൽ വ്രതാനുഷ്ഠാനം പാടില്ല. ഇങ്ങനെയുള്ള അവസരങ്ങളിൽ വ്രതമനുഷ്ഠിക്കാതെ മറ്റു ദിവസങ്ങളിൽ നോറ്റുവീട്ടാനാണ് കൽപിച്ചിരിക്കുന്നത്. കാരണം അല്ലാഹുവിന്റെ കൽപനകളെ പിൻപറ്റുന്നതു മൂലമാണ് തഖ്‌വ സ്വായത്തമാകുക. വെറുതെ പട്ടിണികിടന്നതുകൊണ്ട് അത് ലഭിക്കില്ല. അതേപോലെ വിശുദ്ധ ഖുർആൻ പാരായണം ചെയ്യുകയും അതിന്റെ കൽപനകളനുസരിച്ച് ജീവിക്കേണ്ടതും നിർബന്ധമാണ്. നൂറുക്കണക്കിന് കൽപനകളാണ് വിശുദ്ധഖുർആനിൽ അടങ്ങിയിരിക്കുന്നത്. ഹദ്റത്ത് മസീഹ് മൗഊദ് (അ) ഒരു സ്ഥലത്ത് പറയുകയുണ്ടായി. "വിശുദ്ധ ഖുർആനിൽ പ്രാരംഭം മുതൽ അവസാനം വരെ നാം ചെയ്യേണ്ട കൽപനകളെക്കുറിച്ചും വിട്ടുനിൽക്കേണ്ട കാര്യങ്ങളെക്കുറിച്ചും ദൈവീക നിർദ്ദേശങ്ങളെകുറിച്ചുമുള്ള വിശദീകരണം കാണാൻ കഴിയുന്നതാണ്. വിവിധ കൽപനകളുടെ ശതക്കണക്കിന് ശാഖകൾ അതിൽ വിവരിച്ചിട്ടുണ്ട്." ചുരുക്കത്തിൽ തഖ്‌വ സ്വായത്തമാക്കുന്നതിന് നാം ചെയ്യേണ്ടത് നോമ്പാകുന്ന പരിചയ്ക്ക് പിന്നിൽ നാം നിൽക്കുക എന്നതാണ്. അത് യഥാർത്ഥത്തിൽ അല്ലാഹുവിന്റെ പരിചയാകുന്നു. അതുകൊണ്ടാണ് അല്ലാഹു പറഞ്ഞത് നോമ്പിന്റെ പ്രതിഫലം ഞാൻ തന്നെയാകുന്നു എന്ന്. ഇത് ഖുദ്സിയായ ഹദീസാണ്. ഖുദ്സിയായ ഹദീസ് എന്നാൽ അല്ലാഹു പറഞ്ഞു എന്ന് പറഞ്ഞുകൊണ്ട് തിരുനബി(സ) അരുളിയിട്ടുള്ള ഹദീസുകളാണ്.

അതുകൊണ്ട് ഈ പരിചയുടെ പ്രയോജനം യഥാർത്ഥ രീതിയിൽ നമുക്ക് ലഭിക്കേണമെന്നുണ്ടെങ്കിൽ നാം ആത്മപരിശോധന നടത്തിക്കൊണ്ട് നമ്മുടെ കാതുകളെ വ്യർത്ഥമായ കാര്യങ്ങൾ കേൾക്കുന്നതിൽനിന്ന് സംരക്ഷിച്ചുനിർത്തണം. മതത്തെ പരിഹസിക്കുന്ന, മതകാര്യങ്ങളെ പരിഹാസത്തോടെ കാണുന്ന സദസ്സുകളിൽ നിന്ന് നാം വിട്ടുനിൽക്കണം;

തന്റെ സഹോദരന്റെ പരദൂഷണം പറയുന്ന സദസ്സുകളിൽ നിന്നും നാം വിട്ടുനിൽക്കണം. ചുരുക്കത്തിൽ അല്ലാഹു നിരോധിച്ചിരിക്കുന്ന എല്ലാ പ്രവർത്തനത്തിൽ നിന്നും നാം വിട്ടുനിൽക്കേണ്ടതാണ്. ഉദാഹരണത്തിന് പുരുഷന്മാരോട് ദൃഷ്ടികൾ കീഴ്പ്പോട്ട് പതിപ്പിക്കണമെന്ന് കൽപ്പിച്ചിരിക്കുന്നു. അന്യസ്ത്രീകളെ നോക്കരുതെന്ന് അവരോട് കൽപിച്ചിട്ടുണ്ട്. ഇക്കാലത്ത് സമയം പാഴാക്കുന്നതിനായി ചില വ്യർത്ഥമായും അശ്ലീലവുമായ ഫിലിമുകൾ പ്രദർശിപ്പിക്കാറുണ്ട്, അതിൽനിന്നും വിട്ടുനിൽക്കാനും കൽപനയുണ്ട്. റമദാൻ മാസത്തിൽ ഈ രീതിയിൽ നാം ശീലിച്ചാൽ റമദാൻ കൊണ്ട് ഫലമനുഭവിച്ചവർ ഭാവിജീവിതത്തിലും ഇവ്വിധ തിന്മകളിൽ നിന്ന് രക്ഷപ്പെടാൻ സാധ്യതയുണ്ടെന്ന് നമുക്ക് ആശിക്കാം.

ഇനി എന്താണ് നാവിന്റെ വ്രതം. നാവുകൊണ്ട് ആരെയും ചീത്ത പറയരുത്. ആരേയും വേദനിപ്പിക്കരുത്. അതുകൊണ്ടാണ് ഒരു ഹദീസിൽ ഇപ്രകാരം വന്നിട്ടുള്ളത്. നോമ്പുകാരനോട് വല്ലവരും തർക്കിക്കുകയോ മോശമായി സംസാരിക്കുകയോ ചെയ്താൽ, ഞാൻ നോമ്പുകാരനാണെന്ന് മാത്രം പറഞ്ഞ് മിണ്ടാതിരിക്കുക എന്ന്. അതായത് നീ എന്നെ എന്തുതന്നെ പറഞ്ഞാലും ഞാൻ പ്രതികരിക്കില്ല. കാരണം എല്ലാ അവയവങ്ങൾക്കും വ്രതമുള്ള ഒരു തർബിയ്യത്ത് പരിശീലന പദ്ധതിയിലൂടെയാണ് ഞാൻ ഇപ്പോൾ കടന്നുപോയ്ക്കൊണ്ടിരിക്കുന്നത്. അതുകൊണ്ട് എന്റെ നോമ്പിനെ പാഴാക്കാൻ ഞാൻ ഇഷ്ടപ്പെടുന്നില്ല.

കൈകൾക്കും നോമ്പുണ്ട്. തെറ്റായ ഒരു കാര്യവും കൈകൊണ്ട് ചെയ്യാതിരിക്കുകയാണ് അതിന്റെ നോമ്പ്. അല്ലാഹു നിരോധിച്ചിരിക്കുകയോ അവന്റെ റസൂൽ വിലക്കുകയോ ചെയ്ത ഒരു കാര്യവും മറ്റുള്ളവർക്ക് വേണ്ടിയും ചെയ്യരുത്. ഒരാൾ പന്നിമാംസം സ്വയം തിന്നുന്നില്ലെന്നിരിക്കട്ടെ, എന്നാൽ അദ്ദേഹം മറ്റുള്ളവരെ തീറ്റിപ്പിക്കുന്നുണ്ടെങ്കിൽ ഇത് അനുസരണക്കേടാണ്, തെറ്റായ നടപടിയാണ്. മദ്യപിക്കുന്നില്ലെങ്കിലും മറ്റുള്ളവരെ അവൻ കുടിപ്പിക്കുന്നുണ്ടെങ്കിൽ ഇതും പാപമാണ്. തിരുനബി(സ) മദ്യം കുടിപ്പിക്കുന്നവന്റെ മേലും ശാപം ചൊരിഞ്ഞിട്ടുണ്ട്. നോമ്പിന്റെ അവസ്ഥയിൽ പാലിക്കേണ്ട നിർദ്ദേശങ്ങൾക്കനുസരണമായി ജീവിക്കുമ്പോഴാണ് യഥാർത്ഥ അർത്ഥത്തിൽ നോമ്പ് നമുക്ക് പരിചയയായിത്തീരുന്നതും നാം തഖ്‌വയുള്ളവരായിത്തീരുന്നതും. അപ്പോഴാണ് ഈ പരിച ഉപയോഗിക്കുവാനുള്ള പരിശീലനം ശരിക്കും അവന് ലഭിക്കുകയുള്ളു. ഇങ്ങിനെയല്ലെങ്കിൽ നോമ്പ്കൊണ്ട് പ്രയോജനമൊട്ടും ലഭിക്കില്ല. നാം ആത്മവഞ്ചന നടത്തുന്നതോടൊപ്പം അല്ലാഹുവിനെയും വഞ്ചിക്കലായിരിക്കും.

തിരുനബി(സ) അരുളി. എല്ലാ നിബന്ധനകളോടും കൂടി വ്രതമനുഷ്ഠിക്കുന്നില്ലെങ്കിൽ അല്ലാഹു കൽപിച്ചിരിക്കുന്ന അനുഷ്ഠാനങ്ങൾ നിങ്ങൾ ചെയ്യുന്നുമില്ലെങ്കിൽ നിങ്ങൾ പട്ടിണികിടക്കുന്നതിന്റെ ഒരാവശ്യവും അല്ലാഹുവിനില്ല.

അതുകൊണ്ട് അല്ലാഹുവിന്റെ എല്ലാ കൽപനകളും നിരോധനകളും മുമ്പിൽ വെച്ച് കൊണ്ട് ജീവിതം നയിക്കുവാനുള്ള പരിശീലനം ഈ മാസം നാം പരിശീലിക്കേണ്ടതാണ്. ഇതുമൂലം അവൻ കൽപിച്ച പ്രവർത്തനങ്ങൾ ചെയ്തുകൊണ്ട് നാം അവന്റെ പ്രിയപ്പെട്ടവരായിത്തീരുന്നതാണ്. അങ്ങനെയാണെങ്കിൽ എപ്പോഴും അവൻ നമ്മുടെ പരിചയായിത്തീരുന്നതുമാണ്. ശത്രുക്കളുടെ സർവ്വവിധ അക്രമണങ്ങളിൽ നിന്നും തന്റെ വരിഷ്ഠദാസരെ അവൻ സംരക്ഷിക്കുന്നതുപോലെ അവൻ നമ്മെയും സംരക്ഷിക്കുന്നതാണ്. അല്ലാഹു ഈ റമദാൻ മാസത്തിൽ നമ്മോട് ആവശ്യപ്പെടുന്നത് നിങ്ങൾ എന്റെ പ്രീതിക്കുവേണ്ടി തിന്മകളിൽനിന്ന് രക്ഷപ്പെട്ടാൽ മാത്രം പോരെന്നും നിങ്ങളുടെ കാതിനേയും കണ്ണിനേയും കൈകളേയും വളരെ നിസ്സാരമായ തിന്മകളിൽനിന്ന് പോലും സംരക്ഷിക്കുന്നതിനുള്ള കഠിന പ്രയത്നം നിങ്ങൾ ചെയ്യണം എന്നുമാണ്. ഇതിന്റെ സംരക്ഷണത്തിനായി കഠിനപ്രയത്നം അനിവാര്യം തന്നെയാണ്. അതോടൊപ്പം അനുവദനീയമായ കാര്യങ്ങളിൽ നിന്നും ഈ മാസം വിട്ട് നിൽക്കേണ്ടതാണ്. നിങ്ങളുടെ ഉള്ളിൽ ക്ഷമയുടേയും സഹനത്തിന്റെയും ധാർമ്മിക ഗുണം ഉണ്ടാകുന്ന രീതിയിലുള്ള ഒരു ജിഹാദ് തന്നെ നിങ്ങൾക്ക് ചെയ്യേണ്ടതായി വരും. തന്മൂലം നിങ്ങളുടെ ജീവിതത്തിൽ അച്ചടക്കം ഉണ്ടായിത്തീരും. ഈ 'മുജാഹദ' (കഠിന പ്രയത്നം) നിങ്ങളുടെ ആത്മീയ അവസ്ഥയെ ശക്തിപ്പെടുത്തുന്നതിന് നിദാനമായിത്തീരുന്നതാണ്. ഇത് ദൈവ സാമീപ്യം കരഗതമാകുന്നതിനും ദുആ സ്വീകാര്യതക്കും കാരണമായിത്തീരുന്നതാണ്. തുടർന്നുള്ള ആയത്തുകളിൽ

ഈ വസ്തുതയാണ് അല്ലാഹു വിവരിച്ചിട്ടുള്ളത്.

അല്ലാഹു നോമ്പിന്റെ കൽപനയും അതിന്റെ വിശദീകരണവും നൽകിയതിനുശേഷം പറയുന്നത് 'ഇന്നീ കരീബ്' എന്ന പ്രഖ്യാപനമാണ്. നിങ്ങൾ റമദാൻ മാസത്തിൽ എന്റെ സാമീപ്യം കരഗതമാക്കുവാനായി പ്രയത്നിച്ചതുകാരണം അതിന്റെ പ്രതിഫലം ഞാൻ തന്നെയാകുന്നു. ആ പ്രതിഫലം നൽകുന്നതിന് ഞാനിതാ നിങ്ങളുടെ വളരെ സമീപത്ത് വന്നിരിക്കുന്നു. 'എന്റെ ദാസർ എന്നെ പ്രാപിക്കാൻ കഠിനപ്രയത്നം ചെയ്യുന്നതായാൽ തീർച്ചയായും നാം അവർക്ക് നമ്മുടെ മാർഗ്ഗം കാണിച്ചുകൊടുക്കും' എന്ന് നിർദ്ദേശമനുസരിച്ച് പ്രയത്നിച്ചാൽ അല്ലാഹു അവർക്ക് തന്നിലേക്ക് വരാനുള്ള മാർഗ്ഗം കാണിച്ചുകൊടുക്കുക മാത്രമല്ല ചെയ്യുക, അവരെ തന്നിലേക്ക് അടുപ്പിക്കാൻ അവൻ സ്വയം ദാസന്റെ സമീപത്തെത്തുകയും ചെയ്യുന്നതാണ്.

ഒരിക്കൽ ഒരു സ്ത്രീ എല്ലാം മറന്നുകൊണ്ട് യുദ്ധമൈതാനത്ത് ഓടി നടക്കുന്നതായി കണ്ടു. ഏതൊരു കുട്ടിയെ കണ്ടാലും അതിനെ എടുത്ത് ആ സ്ത്രീ ഉമ്മവെയ്ക്കുകയും എന്നിട്ട് നിലത്ത് വെക്കുകയും ചെയ്യും. തിരുനബി(സ)യും സ്വഹാബത്തും ഈ ദൃശ്യം കാണുന്നുണ്ടായിരുന്നു. യഥാർത്ഥത്തിൽ തന്റെ കാണാതായ കുഞ്ഞിനെ അന്വേഷിക്കുന്ന വെപ്രാളത്തിലായിരുന്നു ആ സ്ത്രീ. അവസാനം തന്റെ കുട്ടിയെ ലഭിച്ചപ്പോൾ അവർ അതിനെ എടുത്ത് മാറോട് ചേർത്ത് പിടിച്ച് അതിനെ തുരുതുരാ ചുംബിച്ച് സ്വസ്ഥമായി ഒരു സ്ഥലത്ത് ഇരിപ്പായി. തിരുനബി(സ) ഈ കാഴ്ച കണ്ടുകൊണ്ട് തന്റെ സ്വഹാബത്തിനോട് പറഞ്ഞു. ആ സ്ത്രീ എല്ലാ അപകടങ്ങളെയും തൃണവൽഗണിച്ചുകൊണ്ട് അസ്വസ്ഥയോടെ തന്റെ കുഞ്ഞിനെ തിരയുന്നത് നിങ്ങൾ കണ്ടില്ലേ. കാരണം യുദ്ധമൈതാനത്തായിരുന്നു അവർ തന്റെ കുട്ടിയെ തെരഞ്ഞിരുന്നത്. എന്നാൽ കുട്ടിയെ കിട്ടിയപ്പോൾ അവർ സന്തോഷാശ്രുക്കൾ പൊഴിച്ചുകൊണ്ട് ഒരു സ്ഥലത്ത് സ്വസ്ഥതയോടെ ഇരിക്കുന്നു. തന്റെ ദാസർ തന്നിലേക്ക് വരുമ്പോഴും അവർ നമ്മുടെ മാർഗം അവലംബിക്കുമ്പോഴും അല്ലാഹു ഈ മാതാവിനേക്കാളും സന്തുഷ്ഠനായിത്തീരുന്നു.

നമ്മുടെ ദൈവം ഇത്രമാത്രം സ്നേഹിക്കുന്ന ദൈവമായതുകൊണ്ട് അവനിലേക്ക് അടുക്കാൻ നമുക്ക് എന്തുകൊണ്ട് അവന്റെ കൽപനകളനുസരിച്ച് പ്രവർത്തിച്ചുകൂടാ? ഒരു മാതാവ് ഒരു കുട്ടിയുടെ താത്കാലിക ആവശ്യങ്ങൾ മാത്രമെ നിറവേറ്റിക്കൊടുക്കുന്നുള്ളു. അതും അവരുടെ കഴിവനുസരിച്ച് മാത്രം. എന്നാൽ സർവ്വലോക പരിപാലകനും ആകാശഭൂമിയുടെ അധിപനും പ്രപഞ്ച സകലത്തിന്റെയും സ്രഷ്ടാവും അതിരറ്റ കഴിവുകളുടെ ഉടമസ്ഥനുമായ നമ്മുടെ ദൈവം തന്റെ ദാസനിൽ സംതൃപ്തനായി അവനെ തന്നോട് ചേർക്കുമ്പോൾ ആ ദാസന് വേണ്ടി അവൻ എന്തെന്തെല്ലാം ചെയ്യുന്നതാണ്.

ചുരുക്കത്തിൽ ഈ വ്രതം അല്ലാഹുവിന്റെ സാമീപ്യം കരഗതമാക്കുവാനുള്ള മാർഗമാണ്. ദുആ സ്വീകാര്യതയുടെ മാർഗമാണ്. അതുകൊണ്ട് കരഞ്ഞും വിലപിച്ചും കൊണ്ട് ഈ ദിനങ്ങളിൽ നാം നമ്മുടെ റബ്ബിനോട് തേടിക്കൊണ്ടിരിക്കുക. എന്നാൽ വ്യക്തിപരമായ കാര്യലാഭത്തിന് വേണ്ടിയാകരുത് നമ്മുടെ പ്രാർത്ഥന, മറിച്ച് അല്ലാഹുവിന്റെ പ്രീതികരഗതമാകാനായി പ്രാർത്ഥിക്കുക. അവന്റെ പ്രീതി എന്താണ്. അല്ലാഹു പറയുന്നു.

**വൽ യസ്തജീബൂലീ വൽയുഅ്മിനൂബീ**

'*അവർ എന്റെ വാക്കുകൾക്ക് കാതോർക്കുകയും എന്നിൽ വിശ്വസിക്കുകയും ചെയ്യട്ടെ.*'

അല്ലാഹുവിന്റെ വാക്കുകൾക്ക് കാതോർക്കുക എന്നാൽ അവന്റെ കൽപനകൾ നടപ്പിൽ വരുത്തുക എന്നതാണ്. വിശ്വസിക്കുക എന്നാൽ വിശ്വാസത്തിൽ അഭിവൃദ്ധി പ്രാപിക്കുക എന്നതുമാണ്. വിശ്വാസിയുടെ ഓരോ കാൽവെപ്പും അഭിവൃദ്ധിയിലേക്ക് പൊയ്കൊണ്ടിരിക്കണം.

അല്ലാഹു വിശുദ്ധഖുർആനിൽ ഒരു സ്ഥലത്ത് പറയുന്നു.

**യാ അയ്യുഹല്ലദീന ആമനൂ ആമിനൂ ബില്ലാഹി വറുസുലിഹി**

'*വിശ്വസിച്ചവരെ അല്ലാഹുവിലും അവന്റെ റസൂലിലും വിശ്വസിക്കുക.*'

ഇവിടെ ഞങ്ങൾ വിശ്വസിച്ചു എന്ന പ്രഖ്യാപനമല്ല ആവശ്യപ്പെടുന്നത് മറിച്ച് അല്ലാഹുവിലും അവന്റെ

റസൂലിലുമുള്ള നിങ്ങളുടെ വിശ്വാസം ശരിക്കും വർദ്ധിച്ചു കൊണ്ടിരിക്കണം എന്നാണ്. ദിനേന പുരോഗതിയിലേക്ക് നിങ്ങൾ മുന്നേറേണ്ടതാണ്. ഈ ഒരവസ്ഥ സംജാതമാകുമ്പോഴാണ് ഒരു വിശ്വാസി പരിപൂർണ്ണ വിശ്വാസത്തിലേക്ക് എത്തിച്ചേരുന്നത്. ഇത് കരഗതമാകാൻ സ്ഥിരമായ പ്രയത്നം അനിവാര്യമാണ്, അതുകൊണ്ടാണ് അല്ലാഹു ആരാധന ചെയ്യാൻ കൽപിച്ചിരിക്കുന്നത്. ഇതുമുഖേന മുജാഹദ നില നിൽക്കുകയും തഖ്‌വയിൽ വർദ്ധനവുണ്ടായിക്കൊണ്ടിരിക്കുകയും ചെയ്യും. ഓരോ വർഷത്തെയും റമദാൻ നമ്മുടെ പ്രയത്നങ്ങളുടെ ഒരോ കണ്ണിയാണ്.

അതുകൊണ്ട് ഒരു വിശ്വാസി ഈ ദിനങ്ങളെ വേണ്ടരീതിയിൽ പ്രയോജനപ്പെടുത്താൻ ശ്രമിക്കേണ്ടതാണ്. വിശ്വാസത്തിൽ വർധനവുണ്ടാകുന്നുണ്ടോ എന്ന് പരിശോധിക്കുവാൻ അല്ലാഹു പറഞ്ഞുതന്നിരിക്കുന്ന മാർഗം.

**ഉജീബു ദഅ്‌വത്ത ദ്ദാഇഊ ഇദാദആൻ**

'*ഞാൻ ദുആ ചെയ്യുന്നവന്റെ ദുആക്ക് ഉത്തരം നൽകുന്നതാണ്.*'

എന്നാൽ നമ്മുടെ നോമ്പ് നിഷ്കപടമാണെങ്കിൽ, ദൈവപ്രീതി കാംക്ഷിച്ചുകൊണ്ട് മാത്രമാണ് വ്രതമനുഷ്ഠിച്ചിട്ടുള്ളതെങ്കിൽ നമ്മുടെ വിളിക്ക് അല്ലാഹു ഉത്തരം നൽകുന്നതാണ്. വിശ്വാസ വർദ്ധനവിന്നായി പ്രയത്നിക്കുമ്പോഴാണ് നമ്മുടെ വിളി അല്ലാഹു കേൾക്കുക. വിശ്വാസവർദ്ധനവുണ്ടാകുമ്പോൾ മാത്രമാണ് ദുആ സ്വീകരിക്കപ്പെടുക. അല്ലാഹുവിന്റെ കൽപനകളനുസരിച്ച് പ്രവർത്തിക്കുമ്പോഴാണ് വിശ്വാസത്തിൽ വർദ്ധനവുണ്ടാകുന്നത്.

ഹദ്റത്ത് മസീഹ് മൗഊദ് (അ) അരുളുന്നു. "*എന്റെ ദാസൻ എന്നെക്കുറിച്ച് ചോദിച്ചാൽ ഞാൻ വളരെ അടുത്താണ്. എന്നെ വിളിച്ച് പ്രാർത്ഥിക്കുന്നവന്റെ പ്രാർത്ഥന ഞാൻ സ്വീകരിക്കുന്നു. ചിലർ അല്ലാഹുവിന്റെ അസ്തിത്വത്തിൽ സംശയാലുക്കളാണ്. അല്ലാഹു പറയുന്നു. എന്റെ അസ്തിത്വത്തിനുള്ള തെളിവ്, നിങ്ങൾ എന്നെ വിളിച്ചാൽ, എന്നോട് ചോദിച്ചാൽ ഞാൻ നിങ്ങളെ വിളിക്കുകയും നിങ്ങൾക്ക് ഉത്തരം നൽകുകയും ചെയ്യുന്നതാണ്. നിങ്ങളെ ഞാൻ ഓർക്കുകയും ചെയ്യും. എന്നാൽ ഞങ്ങൾ വിളിച്ചിട്ടും അവൻ മറുപടി നൽകുന്നില്ലെന്ന് നിങ്ങൾ പറയുകയാണെങ്കിൽ നിങ്ങൾ വളരെ വിദൂരത്തുള്ള ഒരാളെയാണ് വിളിക്കുന്നത്. മാത്രമല്ല നിങ്ങൾക്ക് ബധിരത ബാധിക്കുകയും ചെയ്തിരിക്കുന്നു. അതുകൊണ്ട് അകലെയുള്ള വ്യക്തി നിങ്ങളുടെ വിളിക്ക് ഉത്തരം നൽകിയാൽ തന്നെയും നിങ്ങൾക്ക് ബധിരത ബാധിച്ച കാരണത്താൽ ആ വ്യക്തിയുടെ ശബ്ദം നിങ്ങൾക്ക് കേൾക്കാൻ സാധ്യമല്ല. അതുകൊണ്ട് നിങ്ങളുടെ ഇടയിലുള്ള അകൽച്ച കുറയുകയും ഇടയിലുള്ള മറ നീക്കപ്പെടുകയും ചെയ്യുന്നതനുസരിച്ച് നിങ്ങൾക്ക് ശബ്ദം കേൾക്കാൻ സാധിക്കുന്നതാണ്. പ്രപഞ്ചത്തിന്റെ ഉൽപത്തി മുതൽ അല്ലാഹു തന്റെ വരിഷ്ഠ ദാസരോട് സംസാരിക്കുന്നുണ്ട്. ഇങ്ങിനെ അല്ലാഹു സംസാരിച്ചിട്ടില്ലായിരുന്നുവെങ്കിൽ അല്ലാഹുവിന്റെ അസ്തിത്വം ഉണ്ടെന്നുള്ളതിന് ഒരു തെളിവും അവശേഷിക്കുമായിരുന്നില്ല. അല്ലാഹുവിന്റെ ഭാഷണം കേൾക്കുക എന്നതുതന്നെയാണ് അല്ലാഹുവിന്റെ അസ്തിത്വത്തിനുള്ള ഏറ്റവും ശ്രേഷ്ഠമായ തെളിവ്. കാണലും കേൾക്കലും ഇതു രണ്ടുമാണ് അസ്തിത്വത്തിനുള്ള തെളിവ്.*"

ഇക്കാലത്ത് ഭാഷണം ശ്രവിക്കുക എന്നത് കാണുന്നതിന് സമമാണ്. അല്ലാഹുവും അവന്റെ ദാസനും ഇടയിൽ മറയുണ്ടെങ്കിൽ ദാസന് കേൾക്കാൻ സാധ്യമല്ല, ഇടയിലുള്ള മറനീക്കപ്പെടുമ്പോൾ അവന്റെ ശബ്ദം കേൾക്കാൻ സാധിക്കുന്നതാണ്.

അല്ലാഹു ഈ ഇടയിലുള്ള മറ നീക്കുവാനുള്ള അവസരമാണ് നമുക്ക് ഇപ്പോൾ നൽകിയിരിക്കുന്നത്. അവന്റെ സമീപത്ത് വരാൻശ്രമിക്കുക. റമദാനിൽ നാം പരിശ്രമിച്ചിട്ടും നമ്മുടെ ഇടയിലുള്ള മറ നീക്കപ്പെടാൻ കഴിയാതെ പോകരുത്. അടുത്ത വർഷവും പഴയതുപോലെ വീണ്ടും പരിശ്രമിക്കാൻ ഇടവരരുത്.

വാഗ്ദത്ത മസീഹ് (അ) പറഞ്ഞതു പോലെ ഈ ഇടയിലുള്ള മറ നീക്കാനുള്ള പരിശ്രമം നാം നടത്തേണ്ടതാണ്. അതുമുഖേന മാത്രമെ ദുആ സ്വീകാര്യതയുടെ ദൃശ്യം നമുക്കെപ്പോഴും കാണാൻ സാധിക്കുകയുള്ളു. അതുകൊണ്ട് അല്ലാഹുവിന്റെ പ്രീതി കരഗതമാകാൻ നാം നിരന്തരമായി ദുആ ചെയ്തുകൊണ്ടിരിക്കേണ്ടതാണ്. ഇതിൽ പ്രഥമമായി

ചെയ്യേണ്ട പ്രാർത്ഥന അല്ലാഹുവിന്റെ ദീനിന്റെ വിജയത്തിനുള്ള ദുആ ആയിരിക്കണം. മാനവരാശി അല്ലാഹുവിന്റെ സവിധത്തിൽ സാഷ്ടാംഗം പ്രണമിക്കിന്നതിനുവേണ്ടിയും തിരുനബി(സ)യുടെ പതാകയുടെ കീഴിൽ ലോകത്തെ കൊണ്ടുവരുന്നതിനുവേണ്ടിയുള്ള പ്രാർത്ഥനയാണത്. ഈ പ്രാർത്ഥനകൾ അല്ലാഹുവിന്റെ സ്നേഹത്തെ നമ്മിലേക്ക് തീർച്ചയായും ആകർഷിപ്പിക്കുന്നതാണ്. ഒരു വിശ്വാസി അല്ലാഹുവിന്റെ മതത്തോടുള്ള വേദന നിമിത്തം അതിനായി ദുആ ചെയ്യുമ്പോൾ അല്ലാഹു തന്റെ വാഗ്ദാന പ്രകാരം ആ ദാസന്റെ വ്യക്തിപരമായ പ്രശ്നങ്ങൾ പരിഹരിക്കുകയും അവന്റെ ആവശ്യങ്ങൾ നിറവേറ്റിക്കൊടുക്കുകയും ചെയ്യുന്നതാണ്. അല്ലാഹുവിന്റെ ദീനിന്റെ വിജയത്തിനായുള്ള ദുആകൾ ഇക്കാലത്ത് ഓരോ അഹ്മദിയും കൂടുതലായി ചെയ്യേണ്ടതാണ്. അതേപോലെ ജമാഅത്തിലെ വ്യക്തികൾക്ക് ഈമാനിൽ അടിയുറച്ചു നിൽക്കുവാൻ തൗഫീഖ് കിട്ടാൻ വേണ്ടിയും ദുആ ചെയ്യേണ്ടതാണ്.

ഈ ദിവസം വെള്ളിയാഴ്ചയാണ്. റമദാൻ മാസവുമാണ്. റമദാനിലെ ആദ്യത്തെ ജുമുഅയാണ്. അല്ലാഹുവിനെ വിളിക്കുവാനുള്ള രണ്ട് സന്ദർഭങ്ങൾ ഒരുമിച്ച് നമുക്ക് ലഭിച്ചിരിക്കുന്നു. ഹദീസിൽ വന്നിരിക്കുന്നു. ജുമുഅ ദിവസം ദുആ സ്വീകരിക്കുന്ന ഒരു പ്രത്യേക സമയമുണ്ട്. അസറിനും മഗ്രിബിനും ഇടയിലുള്ള സമയത്താണ് ദുആ സ്വീകരിക്കപ്പെടുന്ന ആ സമയം എന്നും വന്നിട്ടുണ്ട്. അതുകൊണ്ട് ഈ ദിവസം ഇതിൽനിന്നും പ്രയോജനമെടുക്കാൻ ശ്രമിക്കുക. അസറിനും മഗ്രിബിനും ഇടയിൽ നഫൽ നമസ്കാരങ്ങൾ ഇല്ല. എന്നാൽ ദിക്റെ ഇലാഹിയും (ദൈവസ്മരണകളും) മറ്റ് ദുആകളും ചെയ്യാവുന്നതാണ്. തിരുനബി(സ)ൽ നിന്നും ലഭിച്ചിട്ടുള്ള ദുആകളും സ്വന്തം ഭാഷയിലുള്ള ദുആകളും ചെയ്യാവുന്നതാണ്. ഇതുമുഖേന അല്ലാഹുവിന്റെ സാമീപ്യം കരഗതമാകുന്നതാണ്. ദുആ സ്വീകാര്യതയുടെ ദൃശ്യം നമുക്ക് ഇതുമുഖേന കാണാൻ സാധിക്കുന്നതാണ്.

ഈ നാളുകളിൽ ജമാഅത്തിന് പല സ്ഥലങ്ങളിലും കഠിന പ്രയാസങ്ങൾ നേരിടേണ്ടി വരുന്നുണ്ട്. ഇക്കാര്യങ്ങൾ ഓർത്തും കൂടുതലായി ദുആ ചെയ്യുക. എല്ലാ വിധ പ്രയാസങ്ങളിൽനിന്നും അല്ലാഹുവിന്റെ ഫള്ൽ മാത്രമാണ് നമ്മേ രക്ഷിക്കുകയുള്ളു. അല്ലാഹുവിന്റെ സാമീപ്യം ഇതുമുഖേന നമുക്ക് ലഭിക്കുകയും ചെയ്യും. ദുആ സ്വീകാര്യതയുടെ ദൃശ്യങ്ങൾ നമുക്ക് കാണാൻ കഴിയും (ഇ.അ).

അതുകൊണ്ട് സ്ഥിരമായി അല്ലാഹുവിന്റെ മുമ്പിൽ ഇപ്രകാരം ദുആ ചെയ്യുക. അല്ലാഹു ഇസ്ലാമിന്റെയും അഹ്മദിയ്യത്തിന്റെയും വിജയത്തിനുള്ള സംവിധാനങ്ങൾ നമ്മുടെ ജീവിതകാലത്ത് തന്നെ ഉണ്ടാക്കുമാറാകട്ടെ. നാം വളരെ ബലഹീനരാണ്. അല്ലാഹു നമ്മുടെ ബലഹീനകൾ അകറ്റുമാറാകട്ടെ. നമ്മുടെ അശ്രദ്ധകൾ മറച്ചുവെക്കുമാറാകട്ടെ. നമുക്ക് അവന്റെ സാമീപ്യത്തിനുള്ള മാർഗ്ഗങ്ങൾ കാണിച്ചുതരുമാറാകട്ടെ. അവന്റെ പ്രീതി കരസ്ഥമാക്കുന്നതായിരിക്കട്ടെ നമ്മുടെ ജീവിതലക്ഷ്യം. ഈ ലക്ഷ്യം പ്രാപിക്കാൻ നമുക്ക് കഴിയുമാറാകട്ടെ. നമ്മൾ വളരെ ബലഹീനരാണ്. എന്നിരുന്നാലും ഹദ്റത്ത് മസീഹ് മൗഊദ്(അ)നോട് വാഗ്ദാനം ചെയ്ത **നുസിർത്തു ബിറുഅ്ബി** *(ശത്രുക്കൾക്ക് നിന്നെക്കുറിച്ചുള്ള ആദരയുക്തമായ ഭയം ഇട്ടുകൊണ്ട് നിന്നെ ഞാൻ സഹായിച്ചിരിക്കുന്നു)* എന്നതിന്റെ അടിസ്ഥാനത്തിൽ നമുക്ക് വേണ്ടിയും റുഅ്ബ് അല്ലാഹു നൽകുമാറാകട്ടെ. ഹദ്റത്ത് മസീഹ് മൗഊദിനെക്കുറിച്ചുള്ള ഭയത്തിന്റെ അവസ്ഥ നമുക്ക് ഇത് മുഖേന നിത്യവും കാണാൻ സാധിക്കുമാറാകട്ടെ.

ഹദ്റത്ത് മസീഹ് മൗഊദ് (അ) നെ പരിഹസിക്കുന്ന ശത്രുക്കളെ നശിപ്പിക്കുമെന്ന് അല്ലാഹു അദ്ദേഹത്തോട് വാഗ്ദാനം ചെയ്തിട്ടുള്ളതാണ്.

**ഇന്നാ കഫയ്നാക്കൽ മുസ്തഹ്സിഈൻ** *നിന്നെ പരിഹസിക്കുന്നവർക്ക് നാം മതിയായവനാണ്* എന്ന് അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ് (അ) നോട് പറഞ്ഞിട്ടുള്ളതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ ശത്രുക്കളുടെ പര്യവസാനം നാം കണ്ടതുമാണ്. എന്നാൽ നമ്മുടെ ബലഹീനത കാരണം അല്ലാഹുവിന്റെ വാഗ്ദാനനാളുകൾ നമ്മിൽ നിന്നും അകന്നുപോകുമോ എന്ന് നാം എപ്പോഴും ചിന്തിക്കേണ്ടതാണ്. നമ്മുടെ ബലഹീനതകൾ ശത്രുകൾക്ക് പരിഹാസത്തിനുള്ള കാരണമാകരുത്. അല്ലാഹു നമ്മുടെ ബലഹീനതകൾ അകറ്റിക്കൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ് (അ)ന് വേണ്ടി തന്റെ ജലാലിയത്തിന്റെ, പ്രതാപത്തിന്റെ പൊലിമ പ്രകടമാക്കുമാറാകട്ടെ. നമുക്ക്

വാഗ്ദത്ത മസീഹിന്റെ യഥാർത്ഥ ദാസരായിക്കൊണ്ട് തിരുനബി(സ)യുടെ പ്രതാപവും മഹത്വവും ലോകത്തിന്റെ ഓരോ മുക്കിലും മൂലയിലും നിലനാട്ടുവാൻ തൗഫീഖ് നൽകുമാറാകട്ടെ. നമ്മുടെ ബലഹീനതകളും അശ്രദ്ധകളും പാകപ്പിഴവുകളും അല്ലാഹുവിന്റെ ഫള്‌ലിൽ നിന്നും ഒരിക്കലും നമ്മെ അകറ്റാതിരിക്കുമാറാകട്ടെ. അല്ലാഹു തന്റെ അനുഗ്രഹം കൊണ്ട് ബലഹീനമായ നമ്മുടെ ശരീരങ്ങൾക്ക് അവന്റെ ദീനിന് വേണ്ടി ഏതുവിധ ത്യാഗവും വരിക്കുവാനുള്ള കരുത്തും ശക്തിയും നൽകി അനുഗ്രഹിക്കുമാറാകട്ടെ. അല്ലാഹുവും അവന്റെ റസൂലും ആഗ്രഹിക്കുന്ന രീതിയിലുള്ള സ്നേഹവായ്പ് അല്ലാഹുവിനോടും അവന്റെ റസൂലിനോടും അല്ലാഹു നമ്മുടെ ഹൃദയങ്ങളിൽ ഇട്ടു തരുമാറാകട്ടെ. ഇതിനായി തിരുനബി(സ) ഒരു ദുആ നമുക്ക് പഠിപ്പിച്ചു തരികയുണ്ടായി.

**അല്ലാഹുമ്മ ഇന്നീ അസ്അലുക ഹുബ്ബക്ക, വഹുബ്ബ മൻയുഹിബ്ബുക്ക വൽ അമലല്ലദീ യുബല്ലിഗുനീ ഹുബ്ബക്ക അല്ലാഹുമ്മജ്അൽ ഹുബ്ബക്ക അഹബ്ബ ഇലയ്യമിൻ നഫ്സീ വമാലീ വഅഹ്‌ലീ വമിലൽ മാഇൽ ബാരിദ്**

"*അല്ലാഹുവേ! ഞാൻ നിന്നോട് നിന്റെ സ്നേഹം തേടുന്നു, നിന്നെ സ്നേഹിക്കുന്നവരുടെ സ്നേഹവും തേടുന്നു. നിന്റെ സ്നേഹം കരഗതമാകുന്ന വിധത്തിലുള്ള പ്രവർത്തനവും നിന്നോട് തേടുന്നു. അല്ലാഹുവേ എന്റെ ഹൃദയത്തിൽ നിന്റെ സ്നേഹം ഇട്ടുതന്നാലും ആ സ്നേഹം എന്റെ അസ്തിത്വത്തേക്കാളും എന്റെ ധനത്തേക്കാളും എന്റെ കുടുംബത്തേക്കാളും തണുത്ത വെള്ളത്തെക്കാളും പ്രിയങ്കരമാക്കേണമേ.*" ഈ സ്നേഹമാണ് അല്ലാഹുവിന്റെ സ്നേഹത്തിന് കാരണമായിത്തീരുക. അല്ലാഹുവിന്റെ കൽപനകൾ അനുസരിച്ച് ഈ സ്നേഹത്തിന്റെ പേരിൽ നാം പ്രവർത്തിക്കുന്നവരായി മാറണം. അല്ലാഹുവിനോടുള്ള പ്രേമം കാരണമായി ദേഹേച്ഛകളെ ശമിപ്പിക്കുന്നവരായി നാം മാറണം. ധനത്തോടുള്ള സ്നേഹം അല്ലാഹുവിൽ നിന്നും നമ്മെ അകറ്റാതിരിക്കുമാറാകട്ടെ. ഭാര്യാമക്കളോടും അടുത്തബന്ധുക്കളോടുമുള്ള സ്നേഹം ഒരിക്കലും അല്ലാഹുവിൽ നിന്നും നമ്മെ അശ്രദ്ധരാക്കാതിരിക്കുമാറാകട്ടെ. അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നു.

**ലാ തുൽഹിക്കും അംവാലുക്കും വലാ ഔലാദുക്കും അൻദിക്‌രില്ലാഹ്** *നിങ്ങളുടെ ധനവും നിങ്ങളുടെ മക്കളും അല്ലാഹുവിൽ നിന്നും നിങ്ങളെ അശ്രദ്ധരാക്കാതിരിക്കട്ടെ.* ആഖിരീങ്ങളുടെ കാലത്ത് ഇവ്വിധമുള്ള ഒരു പരിതസ്ഥിതി ഉണ്ടാകേണ്ടതു തന്നെയാണ്. ധനത്തിന്റെയും ഭൗതികതയുടെയും അത്യാർത്തിയുടെ വിവിധ മാർഗ്ഗങ്ങൾ കണ്ടുപിടിക്കപ്പെടുന്ന കാലഘട്ടമാണിത്. ഈക്കാലത്ത് ഇതിൽ നിന്നെല്ലാം രക്ഷപ്പെട്ട്, അല്ലാഹുവിനോടുള്ള പ്രേമത്തെ മറ്റെല്ലാ സ്നേഹത്തെക്കാളും അധികരിപ്പിച്ച് നിർത്തുക എന്നത് അല്ലാഹുവിന്റെ പ്രത്യേകമായ സാമീപ്യം കരഗതമാകുന്നതിന് കാരണമായിത്തീരുന്നതാണ്.

ഈ ദുആയിൽ തണുത്ത വെള്ളത്തെ ഉദാഹരിച്ച് പറയുകയുണ്ടായി. ദാഹിച്ച് വലയുന്ന ഒരു വ്യക്തി അയാൾക്ക് എവിടെനിന്നും വെള്ളം ലഭിക്കാതെ വരുമ്പോൾ ഒരു തുള്ളി വെള്ളത്തിനായി ആ സമയത്ത് അയാൾ തന്റെ സർവ്വവും ത്യജിക്കാൻ തയ്യാറാകുന്നു. അയാൾക്ക് ആ വെള്ളത്തിനോടുണ്ടാകുന്ന ആ സ്നേഹത്തെക്കാൾ അധികമായി ഒരു സത്യവിശ്വാസിക്ക് അല്ലാഹുവിനോട് സ്നേഹമുണ്ടായിരിക്കണം. തിരുനബി(സ) ഈ ദുആ ചെയ്തുകൊണ്ട് നമ്മുടെ മുമ്പാകെ ഉദാത്തമായ ഒരു മാതൃക കാഴ്ച വെച്ചിരിക്കുകയാണ്. അതുകൊണ്ട് ഈ അനുഗൃഹീത ദിനങ്ങളിൽ യഥാർത്ഥ ദീനിന്റെ ഉയർച്ചക്കും അഹ്മദിയ്യത്ത് അഥവാ യഥാർത്ഥ ഇസ്‌ലാമിന്റെ വിജയത്തിനും തിരുനബി(സ)യുടെ പതാക ലോകത്തെങ്ങും നാട്ടുന്നതിനുവേണ്ടി നിഷ്കളങ്കമായി പ്രാർത്ഥിക്കുക. ഈ ദുആകൾ അല്ലാഹുവുമായി നമ്മെ അടുപ്പിക്കുന്നതാണ്. നമ്മുടെ തഖ്‌വയിൽ ഇത് വർദ്ധനവുണ്ടാക്കുന്നതാണ്. ഈ റമദാനിൽ നാം ഓരോരുത്തരും ഈ ലക്ഷ്യം പ്രാപിക്കുകയാണെങ്കിൽ ഞാൻ സമീപസ്ഥനാണെന്ന വിളി നമുക്ക് കേൾക്കാൻ സാധിക്കുന്നതാണ്. **ഉജീബു ദഅ്‌വത്ത ദാഇ ഇദാദആൻ** *എന്ന കാഴ്ചയും നമുക്ക് കാണാൻ സാധിക്കും.* ഈ ആയത്തിൽ **ലഅല്ലഹും യർശുദൂൻ** *അവർ നേർമാർഗം പ്രാപിച്ചവരായിരിക്കും* എന്ന് പറഞ്ഞുകൊണ്ട് അല്ലാഹു പറയുന്നത് തഖ്‌വയിൽ വർദ്ധനവുണ്ടാവുകയും വിശ്വാസം അഭിവൃദ്ധിപ്പെടുകയും ചെയ്യുന്ന വിശ്വാസി തീർച്ചയായും നേർമാർഗം പ്രാപിച്ചവൻ തന്നെയാണെന്നാണ്.

അതുകൊണ്ട് മുഹമ്മദീ മസീഹിന്റെ ദാസരെ! അദ്ദേഹത്തിന്റെ അസ്തിത്വമാകുന്ന വൃക്ഷത്തിന്റെ പച്ചപ്പുള്ള ശിഖരങ്ങളെ, അല്ലാഹു നേർമാർഗ്ഗത്തിന്റെ വഴികൾ കാണിച്ചു തന്നവരേ! ലോകത്തിന്റെ വിവിധ നാടുകളിൽ മർദിതരായി കഴിയുന്ന ജന സാകല്യമേ, ഈ റമദാനിൽ അല്ലാഹുവിന്റേതായിത്തീർന്നുകൊണ്ട് ഈ കാര്യങ്ങളെല്ലാം ഓർമിച്ചുകൊണ്ട് അല്ലാഹുവിന്റെ സവിധത്തിൽ പ്രാർത്ഥനാ നിരതരാകാനുള്ള ഒരവസരം അല്ലാഹു നിങ്ങൾക്ക് നൽകിയിരിക്കുകയാണ്. മർദിതരുടെ പ്രാർത്ഥന അല്ലാഹു പ്രത്യേകം സ്വീകരിക്കുന്നതുമാണ്.

അഹ്മദിയ്യാ ഖിലാഫത്തിന്റെ രണ്ടാം നൂറ്റാണ്ടിലെ ആദ്യത്തെ ഈ റമദാനിൽ അല്ലാഹുവിന്റെ മുമ്പിൽ സാഷ്ടാംഗം പ്രണമിച്ചുകൊണ്ടും പ്രാർത്ഥനാ നിരതരായും കൊണ്ട് പുതിയ മാറ്റങ്ങൾ ഉണ്ടാക്കുന്ന റമദാനാക്കി ഇതിനെ മാറ്റുക. ജീവിതത്തിൽ പരിശുദ്ധ പരിവർത്തനമുണ്ടാക്കുന്ന റമദാനാക്കി ഇതിനെ മാറ്റുക. ശത്രുപക്ഷത്തെ ഒഴുക്കിക്കളയുന്ന ജലപ്രളയമായി നിങ്ങളുടെ കണ്ണുനീരുകളെ നിങ്ങൾ മാറ്റുക. അല്ലാഹുവിന്റെ സ്നേഹത്തെ ആഗിരണം ചെയ്തുകൊണ്ടിരിക്കുന്ന രീതിയിലുള്ള ആകർഷണവലയം നിങ്ങളുടെ പ്രാർത്ഥനകളിൽ ഉണ്ടാക്കിത്തീർക്കുക. മുഹമ്മദീ മസീഹിന്റെ വിജയരഹസ്യം പ്രാർത്ഥനയിൽ മാത്രമാണുള്ളത്. അല്ലാഹു ഈ ദിനങ്ങൾ ഏഴാം ആകാശത്തുനിന്ന് താഴെ ഇറങ്ങി വരുന്നു. അല്ലാഹു നമ്മെ ഓരോരുത്തരേയും അവന്റെ സംരക്ഷണത്തിൽ വെക്കുമാറാകട്ടെ. അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്(അ) നോട് ചെയ്ത വാഗ്ദാനങ്ങൾ നമുക്ക് നമ്മുടെ ജീവിതത്തിൽ തന്നെ പൂർത്തിയായി കാണാൻ സാധിക്കുമാറാകട്ടെ. അല്ലാഹുവേ നീ അങ്ങിനെത്തന്നെ ആക്കേണമേ.

**വിവർത്തനം** : മൗലവി നാസിർ അഹ്മദ്
**PHONE : 94461 51197**

**KHUTHBA:**

**HADHRAT MIRZA MASROOR AHMAD**
**KHALIFATHUL MASIH - V**
**on 05 - 09 - 2008 at**
**Baithul Futuh**
**London.**

Page Layout & Type Set: Majlis Khuddamul Ahmadiyya, Kakkanad
Published by : **Majlis Khuddamul Ahmadiyya, Kerala**